"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - വയലാർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പേര് ***'ശ്രീ.വയലാർ രാമവർമ്മ മെമ്മോറിയൽ ഗവൺമെന്റ് കുടുംബാരോഗ്യകേന്ദ്രം, വയലാർ***" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

---

**ആരോഗ്യകുടുംബക്ഷേമ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.2180/2026/H&FWD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.40/79/HD , തീയതി 26.02.1979
2. സ.ഉ(കൈ) നം.113/2018/ആ.കു.വ, തീയതി 16.06.2018
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 05.03.2024, 18.02.2026 തീയതികളിലെ DHS/5065/2024-PLA2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ വയലാർ ഡിസ്പെൻസറിയെ 'വയലാർ രാമവർമ്മ മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രി' എന്ന് പരാമർശം (1) പ്രകാരം പുനർനാമകരണം ചെയ്തിരുന്നു.തുടർന്ന്, പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തിയ ഈ സ്ഥാപനത്തെ പരാമർശം (2) പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2) എന്നാൽ, സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും നിലവിൽ ഓഫീസ് മുദ്രകൾ, ഔദ്യോഗിക കത്തുകൾ, ട്രഷറി ബില്ലുകൾ, ലെറ്റർ ഹെഡ് എന്നിവയിൽ 'വയലാർ പ്രാഥമികാരോഗ്യകേന്ദ്രം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ആശുപത്രിയുടെ പേര് വ്യത്യസ്ത രീതികളിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ, പ്രശസ്ത കവിയും ഗാനരചയിതാവുമായ വയലാർ രാമവർമ്മയുടെ സ്മരണാർത്ഥം സ്ഥാപനത്തിന്റെ പേര് "ശ്രീ . വയലാർ രാമവർമ്മ മെമ്മോറിയൽ ഗവൺമെന്റ് കുടുംബാരോഗ്യകേന്ദ്രം, വയലാർ" എന്ന് പുനർനാമകരണം ചെയ്യണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയലാർ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടിട്ടുള്ളതിനാൽ ഔദ്യോഗിക ആവശ്യങ്ങളിൽ ഏകീകൃതതയും കൃത്യതയും ഉറപ്പാക്കേണ്ടതുള്ളത് പരിഗണിച്ച്, വയലാർ രാമവർമ്മയുടെ സാഹിത്യ-സാംസ്കാരിക സംഭാവനകളോടുള്ള ആദരസൂചകമായും അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുന്നതിനുമായും പ്രസ്തുത സ്ഥാപനത്തിന്റെ പേര് '' ***ശ്രീ . വയലാർ രാമവർമ്മ മെമ്മോറിയൽ ഗവൺമെന്റ് കുടുംബാരോഗ്യകേന്ദ്രം, വയലാർ***" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shabeer S
Date: 02-07-2026 06:25:10
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

മേലെഴുത്ത് നമ്പർ.DHS/5065/2024-PLA2 തീയതി. 11/ 07/2026

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും തുടർനടപടികൾക്കായും അയക്കുന്നു, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക രേഖകളിൽ സ്ഥാപനത്തിന്റെ പേര് "ശ്രീ വയലാർ രാമവർമ്മ മെമ്മോറിയൽ ഗവൺമെന്റ് കുടുംബാരോഗ്യ കേന്ദ്രം, വയലാർ" എന്ന് പുനഃനാമകരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

Digitally signed by
Saivarghese
Date: 10-07-2026
14:17:00
ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്
1. ജില്ലാ മെഡിക്കൽ ഓഫീസർ (ആ )ആലപ്പുഴ
2. സൂപ്രണ്ട് , O & M സെക്ഷൻ,ആ വ ഡ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്: